# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>മഴവെള്ളം സംഭരിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ</u>

5477 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ ഈ വർഷം എത്ര ശതമാനം വർദ്ധനയുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) മഴവെള്ളം സംഭരിക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നടത്തുന്ന മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) വെള്ളം ,സംഭരിക്കുന്നതിന് സംസ്ഥാനത്ത് എത്ര തടയണകൾ നിർമ്മിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വീടുകളിലും, സർക്കാർ കെട്ടിടങ്ങളിലും മഴവെള്ള സംഭരണത്തിന് എന്തെല്ലാം സംവിധാനങ്ങൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജലവിഭവ വകുപ്പിൽ ഇ-ടെണ്ടറിംഗ്</u>

5478 ശ്രീ. പി.എ. മാധവൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിലെ കരാറുകളുടെ സുതാര്യത ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇ-ടെണ്ടറിംഗ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് കരാറുകാർക്കും മറ്റുളളവർക്കും ഈ സംവിധാനം വഴി ലഭിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

വെള്ളപ്പൊക്ക നിയന്ത്രണത്തിന് പദ്ധതി

5479 ശ്രീ. കെ. മുരളീധരൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' ജോസഫ് വാഴക്കൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക നിയന്ത്രണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(സി) ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുന്നതിനായി കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

കുപ്പിവെള്ളം തയ്യാറാക്കി വിൽപന നടത്തുന്ന കമ്പനികൾ

5480 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ഇ.കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളം തയ്യാറാക്കി വിൽപന നടത്തുന്ന കമ്പനികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കുപ്പിവെള്ളം കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന കുപ്പിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് ഒരു ലിറ്റർ കുപ്പിവെള്ളം എന്ത് വിലയ്ക്കാണ് വിറ്റഴിക്കുന്നത്; കുറഞ്ഞ വിലയിൽ കുപ്പിവെള്ളം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>ജലസേചനപദ്ധതികളുടെ നവീകരണം</u>

5481 ശ്രീ. ഷാഫി പറമ്പിൽ
,, വി.റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ജലസേചനപദ്ധതികളുടെ നവീകരണത്തിനായി കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നവീകരണപദ്ധതികൾക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നവീകരണപ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>തുടർപ്രവർത്തനം നിലച്ചിരിക്കുന്ന ജലസേചന പദ്ധതികൾ</u>

5482 ശ്രീ. ജി. സുധാകരൻ
,, എസ്. രാജേന്ദ്രൻ
,, പി. റ്റി. എ. റഹീം
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തുടർപ്രവർത്തനം നിലച്ചിരിക്കുന്ന ജലസേചന പദ്ധതികൾ ഓരോന്നിനും ഇതിനകം ചെലവായ തുകയും പദ്ധതി ഓരോന്നും പൂർത്തീകരിക്കാനാവശ്യമായ തുകയും സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ചിറകളിലേയും പാറമടകളിലേയും</u>
<u>വെള്ളം ശുദ്ധീകരിക്കാൻ പദ്ധതി</u>

5483 ശ്രീ. അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചിറകളിലേയും പാറമടകളിലേയും വെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളമായി നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ഏതാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിൽ മേജർ ഇറിഗേഷൻ സ്കീം പദ്ധതികൾ</u>

5484 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ മേജർ ഇറിഗേഷൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാം;

(ബി) ഈ സാമ്പത്തിക വർഷം ഏറ്റെടുത്ത പുതിയ പദ്ധതികളെ സംബന്ധിക്കുന്ന വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>മലബാർ ഇറിഗേഷൻ പദ്ധതി</u>

5485 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ഇറിഗേഷൻ പദ്ധതി (എം.ഐ.ആർ.പി.എ.) ഈ വർഷവും തുടരുമോ എന്ന് വ്യക്തമാക്കാമോ;

(ബി) പുതുക്കാട് മണ്ഡലത്തിൽ എം.ഐ.ആർ.പി.എ. പദ്ധതികളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെയെല്ലാം ഡിസൈനുകൾ തയ്യാറാക്കി പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജലസംഭരണികളിൽ നിന്നും മണൽ വാരൽ</u>

5486 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസംഭരണികളിൽനിന്നും മണൽ വാരുന്നതിന് എടുത്ത തീരുമാനം എത്രത്തോളം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജലസംഭരണികളിൽനിന്നും മണൽ വാരുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ എടുത്തു എന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനം നേരിടുന്ന മണൽക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമാംവിധം ഡാമുകളിൽ നിന്നുമുള്ള മണൽവാരൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>മലമ്പുഴ ഡാമിൽ അനധികൃത മത്സ്യബന്ധനം</u>

5487 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഡാമിൽ നഞ്ച് കലക്കിയും, വൈദ്യുതി ഷോക്ക് നൽകിയുമുള്ള അനധിക മത്സ്യബന്ധനം നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ പലയിടത്തും കുടിവെള്ളമെത്തിക്കുന്ന ഡാമിൽ നഞ്ച് കലക്കിയുള്ള മീൻപിടിത്തം വൻദുരന്തത്തിന് കാരണമാകുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

നാദാപുരം മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ തടയണ നിർമ്മാണം

5488 ശ്രീ.ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തടയണ നിർമ്മാണത്തിന് ജലവിഭവ വകുപ്പിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; പഞ്ചായത്തു തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) തടയണ നിർമ്മാണത്തിന് മറ്റു വകുപ്പുകളുടെ ഏകോപനമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ തടയണകൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

ചീരക്കുഴി തടയണ നിർമ്മാണ പദ്ധതി

5489 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിരുന്ന ചീരക്കുഴി തടയണ നിർമ്മാണ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ബഹു: മുഖ്യമന്ത്രിയും ജലവിഭവവകുപ്പുമന്ത്രിയും ഉൾപ്പെടെ പങ്കെടുത്തിട്ടുള്ള യോഗങ്ങളിൽ പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുവാനും സമയബന്ധിതമായി നിർമ്മാണം ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>കോങ്ങാട് മണ്ഡലത്തിലെ ചെക്ക് ഡാമുകൾ</u>

5490 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ചെക്ക് ഡാമുകൾക്ക് ഭരണാനുമതിയും തുകയും നൽകിയിട്ടുണ്ട്; ജില്ല തിരിച്ചും മണ്ഡലങ്ങൾ തിരിച്ചുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ എത്ര ചെക്ക് ഡാമുകൾക്ക് അനുമതി നൽകിയെന്നുള്ള വിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് അനുമതി നൽകിയില്ല എന്നതിന്റെ വിശദീകരണം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ</u>

5491 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 10 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഘട്ടം 1, ഘട്ടം 2 എന്നീ രണ്ട് ഭാഗങ്ങളായി വിഭജിച്ച ഈ പദ്ധതിയുടെ 2 ഭാഗങ്ങളും പൂർത്തീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പൈനൂർ കായൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

5492 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്പമംഗലം നിയോജക മണ്ഡലത്തിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ പൈനൂർ കായൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇപ്പോൾ എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

ഭൂജല വകുപ്പിന്റെ കീഴിൽ കുഴൽ കിണറുകൾ

5493 ശ്രീ. പാലോട് രവി
'' സി. പി. മുഹമ്മദ്
'' റ്റി. എൻ. പ്രതാപൻ
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂജല വകുപ്പിന്റെ കീഴിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര കുഴൽ കിണറുകൾ വിവിധ സ്ഥലങ്ങളിലായി നിർമ്മിച്ചിട്ടുണ്ട്;

(സി) ആർക്കെല്ലാം വേണ്ടിയാണ് ഈ കിണറുകൾ നിർമ്മിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

ഭൂജല വിഭവ വകുപ്പ് വഴിയുള്ള മലപ്പുറം ജില്ലയിലെ പദ്ധതികൾ

5494 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂജല വിഭവ വകുപ്പ് വഴി കഴിഞ്ഞ രണ്ടു വർഷമായി മലപ്പുറം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ നടപ്പിലാക്കുന്നതിന് വേണ്ടി ഏതെല്ലാം പ്രൊപ്പോസലുകൾ ലഭിച്ചു എന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; അനുവദിച്ച തുകയുടെ വിശദാംശങ്ങൾ മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>

5495 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും വിളിച്ചുചേർത്ത യോഗങ്ങളുടെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ യോഗങ്ങളിൽ സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അതിനുവേണ്ടി അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>പുതിയ കണക്ഷനുകൾക്ക് നിരോധനം</u>

5496 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റി തിരുവനന്തപുരം ജില്ലയിലെ നഗരസഭാ പരിധിയിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വാട്ടർ കണക്ഷൻ കൊടുക്കണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവ് എത്ര ദിവസത്തിനകം പിൻവലിക്കും എന്ന് അറിയിക്കാമോ; പുതിയ കണക്ഷനുകൾ എന്ന് കൊടുത്തു തുടങ്ങും എന്ന് വ്യക്തമാക്കാമോ;

(സി) കെ.ഡബ്ലിയു.എ. സെൻട്രലൈസ്ഡ് കണക്ഷൻ സംവിധാനം നിർത്തലാക്കിയിട്ടുണ്ടോ; ഈ സംവിധാനം മാറ്റി ലോക്കൽ കണക്ഷനുകൾ അതാത് എ.ഇ. ഓഫീസുകളിൽ നിന്നുതന്നെ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോഴത്തെ കണക്ഷൻ സംവിധാനത്തിലും അപേക്ഷാ ഫോമിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ</u>

5497 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന സർക്കാർ നയം കേരള വാട്ടർ അതോറിറ്റിയ്ക്ക് ബാധകമാണോ;

(സി) എങ്കിൽ സർക്കാർ നയം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതി</u>

5498 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജലനിധി പദ്ധതി തുടങ്ങാൻ കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എത്ര പഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാനുള്ള തുക എങ്ങനെയാണ് സമാഹരിച്ചത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജലനിധിയുടെ പ്രവർത്തനങ്ങൾ</u>

5499 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' സണ്ണി ജോസഫ്
'' അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ ജലനിധിയുടെ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഏതെല്ലാം ഏജൻസികളാണ് സഹകരിച്ചിരിക്കുന്നത്;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ജലനിധി പദ്ധതി

5500 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ രണ്ടാം ഘട്ട ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതൊക്കെയാണ്; ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>ജലനിധിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകൾ</u>

5501 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജലനിധി പദ്ധതിയിൽ, പുതുതായി കാസർഗോഡ് ജില്ലയിൽ എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഈ പഞ്ചായത്തുകൾ ഏതെല്ലാമെന്നും വ്യക്താമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പമ്പിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ മോട്ടോറുകൾ സ്ഥാപിക്കാൻ നടപടി</u>

5502 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിൽ വേണ്ടത്ര മോട്ടോറുകൾ ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 3.5.2013-ൽ ബഹു. മുഖ്യമന്ത്രി പങ്കെടുത്ത് ആലപ്പുഴ ജില്ലാകളക്ടറേറ്റിൽ വച്ച് കൂടിയ യോഗത്തിൽ അടിയന്തിരമായി അഞ്ച് പമ്പിംഗ് മോട്ടോറുകൾ വാങ്ങുവാൻ തീരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എത്ര മോട്ടോറുകൾ വാങ്ങി; ഇവ പ്രവർത്തിച്ചു തുടങ്ങിയോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കടലോര ഡിസാലിനേഷൻ പ്രോജക്ട്</u>

5503 ശ്രീ. റ്റി.എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കടലോര ഡിസാലിനേഷൻ പ്രോജക്ട് നടപ്പാക്കാൻ എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

വരൾച്ച ദുരിതാശ്വാസ പ്രവർത്തനം

5504 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കടുത്ത വരൾച്ച നേരിട്ട സമയത്ത് 3.5.2013ൽ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ കൂടിയ യോഗ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) ഒരു മണ്ഡലത്തിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപ വീതം അനുവദിച്ച് വർക്കുകൾ പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നുവോ; ഇതിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം വർക്കുകൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വർക്കുകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ

5505 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാം;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും പണി പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ

(ഡി) ആനക്കയം, പന്തല്ലൂർ കുടിവെള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>നാട്ടിക ഫർക്ക ജലവിതരണപദ്ധതിയുടെ പുനരുദ്ധാരണം</u>

5506 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ നാട്ടിക ഫർക്ക ജലവിതരണ പദ്ധതിയിലെ പഴക്കം ചെന്ന പമ്പുസെറ്റുകളും, പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) എത്ര തുകയുടെ പദ്ധതിയാണ് പരിഗണനയിലുള്ളത്;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി പ്രദേശത്ത് കാലപഴക്കം മൂലം പൈപ്പ് പൊട്ടി ജലനഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

വടുതല പംബിംഗ് സ്റ്റേഷൻ

5507 ശ്രീ. എസ്. ശർമ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനായുള്ള റെയിൽ സ്ഥാപിച്ചപ്പോൾ വൈപ്പിൻ ശുദ്ധജല വിതരണ പദ്ധതിക്കായുള്ള ഹഡ്കോയുടെ വടുതല പംബിംഗ് സ്റ്റേഷനിലേയ്ക്ക് സ്ഥാപിച്ചിട്ടുള്ള പൈപ്പ് തകരാറായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ്ലൈനിൽ താൽക്കാലിക പുനരുദ്ധാരണം നടത്തിയപ്പോൾ പൈപ്പിന്റെ വ്യാസത്തിൽ കുറവ് വന്നിട്ടുണ്ടോ;

(സി) എങ്കിൽ എത്രയെന്നും ഈ പൈപ്പിന് പരമാവധി എത്ര മില്യൺ ലിറ്റർ വെള്ളം വഹിക്കാനാകുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

**കൊട്ടാരക്കര അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

5508 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ നിലവിൽ നിർമ്മാണത്തിൽ ഇരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികള്‍</u>

5509 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ജലവിഭവ വകുപ്പിന്റെ എന്തെല്ലാം പദ്ധതികള്‍ക്കാണ് ഭരണാനുമതി ലഭിച്ചത്; ഓരോ പദ്ധതിക്കും എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചത്;

(ബി) ഭരണാനുമതി ലഭിച്ചിട്ടുളള ഈ പ്രവര്‍ത്തികള്‍ ഓരോന്നിന്റെയും പുരോഗതി വിശദമാക്കുമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തില്‍ എത്ര കുടിവെളള പദ്ധതികള്‍ ആരംഭിക്കുതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഇ) വരള്‍ച്ചാ നിവാരണ പദ്ധതിയില്‍ ഉള്‍പ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തില്‍ ഒരു വര്‍ഷം കൊണ്ട് നടപ്പിലാക്കാവുന്ന കുടിവെളള പദ്ധതികള്‍ സംബന്ധിച്ച പ്രൊപ്പോസല്‍ സര്‍ക്കാരിലേയ്ക്ക് സമര്‍പ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിനുളള അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ;

(എഫ്) കൊയിലാണ്ടി മണ്ഡലത്തില്‍ നടന്നുകൊണ്ടിരിക്കുന്ന എം.എല്‍.എ. എസ്.ഡി.എഫ്. കുടിവെളള പദ്ധതികള്‍ ഓരോന്നിന്റെയും പുരോഗതി വിശദമാക്കുമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി

5510 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ മണ്ഡലം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ ചെലവിൽ നടപ്പാക്കുന്ന മലപ്പുറം മണ്ഡലത്തിലെ കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ധനകാര്യ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) എത്രയും വേഗം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

പെരുനാട് - അത്തിക്കയം കുടിവെള്ള പദ്ധതി

5511

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പെരുനാട് - അത്തിക്കയം കുടിവെള്ള പദ്ധതിക്ക് എന്തു തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഇതിന്റെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവൃത്തികൾ എന്തൊക്കെയാണ്; ഇതിന്റെ ആദ്യഘട്ട നിർമ്മാണത്തിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ടെൻഡർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തു നൽകേണ്ട ചുമതല ആർക്കാണ്; ഇതു സംബന്ധിച്ച് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കിളിമാനൂർ - കാനാറ കുടിവെള്ള പദ്ധതി</u>

5512 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ - കാനാറ കുടിവെള്ള പദ്ധതി എത്ര ജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെ ഉദ്ഘാടനം എന്ന് നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലക്ഷാമം

5513 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതായും, ഇത് പരിഹരിക്കുന്നതിനായി പൊതുജനം നിരവധി തവണ സമരം ചെയ്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉപ്പുവെള്ളം മാത്രം ലഭിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

കൈനകരിയിലും നെടുമുടിയിലും 10,000 എൽ. പി. എച്ച്. ആർ. ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നത്

5514 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൈനകരിയിലും നെടുമുടി വില്ലേജ് ഓഫീസിന് സമീപവും 10,000 എൽ. പി. എച്ച്. ആർ. ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) വാട്ടർ അതോറിറ്റിയുടെ കീഴിൽ 19 ആർ. ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നതു സംബന്ധിച്ച് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ 'റൂഫ് വാട്ടർ ഹാർവെസ്റ്റ്' പദ്ധതി</u>

5515 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 'റൂഫ് വാട്ടർ ഹാർവെസ്റ്റ്' പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ ജില്ലയിൽ എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ജലശ്രീ പദ്ധതി പ്രകാരം കുളങ്ങളുടെ നവീകരണം

5516

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വേനൽകാലത്ത് വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്ന കുന്നംകുളം നിയോജകമണ്ഡലത്തിൽ ഇതുവരെ ജലശ്രീ പദ്ധതിപ്രകാരം എത്ര കുളങ്ങൾ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്; അവയുടെ പേരുവിവരവും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കുമിളി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി</u>

5517 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുമിളി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് വേണ്ടിയുള്ള സ്വാഭാവിക ജലസ്രോതസ്സിന്റെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി രണ്ട് ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി എന്ത് തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) കുമിളിയിൽ ജില്ലാ പഞ്ചായത്ത് വാങ്ങി വാട്ടർ അതോറിറ്റിക്ക് കൈമാറിയ സ്ഥലത്ത് എന്ത് പദ്ധതി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) അത് സംബന്ധിച്ച വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ നിയമനം</u>

5518 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ എത്ര ചീഫ് എഞ്ചിനീയർ തസ്തികകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും ഓരോ തസ്തികയുടെയും ചുമതലകൾ എന്തെന്നും പ്രസ്തുത തസ്തികയിലേക്കുള്ള നിയമന രീതി എങ്ങനെയാണെന്നും വ്യക്തമാക്കുമോ ;

(ബി) വാട്ടർ അതോറിറ്റിയിൽ ചീഫ് എഞ്ചിനീയർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) ഒഴിവുകൾ നികത്താത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സംയോജിത നീർത്തട വികസന പ്രവർത്തനങ്ങൾ</u>

5519 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത നീർത്തട വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് എപ്രകാരമാണ് നടപ്പിലാകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇപ്പോൾ ഇവ നടപ്പിലാകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

ഓരോ പഞ്ചായത്തിലും ഓരോ കുളം നവീകരണ പദ്ധതി

5520 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ഓരോ കുളം നവീകരിക്കുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര കുളങ്ങൾ ആണ് നവീകരിക്കാൻ തീരുമാനിച്ചതെന്നും ഇവ ഏതെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ പുനരുദ്ധാരണം</u>

5521 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ഏതൊക്കെ കുളങ്ങളാണ് ചെറുകിട ജലസേചനവകുപ്പ് നവീകരണ, ശുചീകരണ പ്രവൃത്തികൾ നടത്തി പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് എന്ന് തുടങ്ങി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

ആർ. ആർ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ നവീകരണം

5522

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ആർ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുളങ്ങൾ ഈ സർക്കാർ അധികാരമേറ്റശേഷം നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചു; എത്ര കോടി രൂപ ആകെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഒരു കുളത്തിന്റെ നവീകരണത്തിനുപോലും ഫണ്ട് നൽകാത്ത എത്ര മണ്ഡലങ്ങൾ പാലക്കാട് ജില്ലയിലുണ്ടെന്നുള്ള വിവരം നൽകുമോ;

(ഡി) രൂക്ഷമായ വരൾച്ച അനുഭവിച്ച പാലക്കാട് ജില്ലയിലെ അസംബ്ളി നിയോജകമണ്ഡലങ്ങളിൽ ഒരു കുളത്തിനുപോലും അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ജലശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ നവീകരണം

5523

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലശ്രീ പദ്ധതിയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കുളങ്ങളുടെ നവീകരണ പ്രവർത്തനത്തിന് അനുമതി നൽകി; എത്ര കോടി രൂപ അനുവദിച്ചു;

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; കൂടാതെ മണ്ഡലാടിസ്ഥാനത്തിലുള്ള വിശദ വിവരങ്ങളും ലഭ്യമാക്കുമോ;

(സി) ഭരണാനുമതി നൽകിയ/തുക അനുവദിച്ച ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ കുളങ്ങളുടെ നവീകരണം</u>

5524 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ നവീകരണം സംബന്ധിച്ച് ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ എത്ര കുളങ്ങളുടെ നവീകരണത്തിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്;

(ബി) ഇതിനായി അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ച കുളങ്ങളുടെ പേരും പഞ്ചായത്തും നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ കടൽഭിത്തി നിർമ്മാണം</u>

5525 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരപ്രദേശങ്ങളായ മാടായി, മാട്ടൂൽ, ചൂട്ടാട് പ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ പുലിമുട്ട്/കടൽഭിത്തി നിർമ്മിക്കുന്നതിനും തകർന്ന ഭാഗങ്ങൾ പുനർ നിർമ്മിക്കുന്നതിനും വർഷംതോറും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഇവിടങ്ങളിൽ ഏത് വിധത്തിലുളള നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പനത്തുറ തീരപ്രദേശത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പദ്ധതി</u>

5526 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പനത്തുറ തീരപ്രദേശത്ത് മേജർ ഇറിഗേഷൻ വകുപ്പ് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പദ്ധതി സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതിയും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പുലിമുട്ടുകൾ എന്നത്തേക്കു സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

**കയ്പമംഗലം നിയോജക മണ്ഡലത്തിലെ തീരപ്രദേശത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നത്**

5527 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ തീരപ്രദേശത്ത് എത്ര പുലിമുട്ടുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്;

(ബി) ഇത് സംബന്ധിച്ച എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുളളത്?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റഗുലേറ്റർ കം ബ്രിഡ്ജ്</u>

5528 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റഗുലേറ്റർ കം ബ്രിഡ്ജ് പണി പൂർത്തിയാകാതെ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കാമോ ;

(സി) നിലവിൽ ഉണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കി പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>വാഴക്കാട് റഗുലേറ്റർ – കം – ബ്രിഡ്ജിന്റെ സമീപം പാർശ്വഭിത്തി കെട്ടുന്നത്</u>

5529 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയിൽ വാഴക്കാട് റഗുലേറ്റർ – കം – ബ്രിഡ്ജിന്റെ സമീപം ഇടത് കരയിൽ പാർശ്വഭിത്തി കെട്ടുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക കണ്ടെത്തുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ പ്രവൃത്തിയുടെ അപ്രൂവ്ഡ് ഡിസൈൻ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ഇല്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് അനുമതി നൽകുന്നതിന് കഴിയുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പൂരക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ്</u>

5530 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിലെ ഏര്യം പുഴക്ക് കുറുകെ പൂരക്കടവ് (ആലക്കാട്) എന്ന സ്ഥലത്ത് റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ദീർഘകാലാടിസ്ഥാനത്തിലുള്ള ഇത്തരം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നത് സർക്കാരിന്റെ നയമാണെന്നിരിക്കെ ഈ പദ്ധതി നബാർഡ് സ്കീമിലോ, സർക്കാരിന്റെ ഏതെങ്കിലുമൊരു സ്കീമിലോ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജലഗതാഗത ഉച്ചകോടി</u>

T5531 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ ജലഗതാഗത, ഉൾനാടൻ ജലഗതാഗത ഉച്ചകോടി സംസ്ഥാനത്ത് നടന്നതെന്നാണ്; പ്രസ്തുത ഉച്ചകോടിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ ഏതെങ്കിലും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) കരമാർഗ്ഗമുള്ള ചരക്കുനീക്കം ജലപാതയിലൂടെ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ജലപാതകൾ ഗതാഗത യോഗ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>പമ്പാനദീതട അതോറിറ്റി പ്രവർത്തനം</u>

5532 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാനദീജലം മാലിന്യമുക്തമാക്കാനുള്ള പമ്പാനദീതട അതോറിറ്റിയുടെ പദ്ധതികളൊന്നും നടപ്പായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നദീജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ച തോതിലാണെന്ന റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുള്ള സാഹചര്യത്തിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പമ്പാറിവർ ബേസിൽ അതോറിറ്റി 2009-ൽ നിലവിൽ വന്നിട്ടും നദീജലത്തിൽ മാലിന്യം കലരാതിരിക്കാനുള്ള സംരക്ഷണ നടപടികളോ, ജലം മാലിന്യമുക്തമാക്കാനുള്ള പ്രായോഗിക നടപടികളോ ഇതേവരെ ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പമ്പാ നദീജലത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ച തോതിലുള്ള പമ്പാനദിയിലെ ജലം ഉപയോഗിക്കേണ്ടിവരുന്ന ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകരുടെയും നദീതീരവാസികളുടെയും ആരോഗ്യസുരക്ഷ കണക്കിലെടുത്ത് യഥാസമയം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ കഴിയാതിരുന്നതുമൂലമുള്ള ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>പമ്പ – അച്ചൻകോവിൽ – വൈപ്പാർ ലിങ്ക് പദ്ധതി</u>

5533 ശ്രീ. പി. കെ. ഗുരുദാസൻ
'' രാജു എബ്രഹാം
'' കെ. സുരേഷ് കുറുപ്പ്
'' എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പാർ ലിങ്ക് പദ്ധതിക്കായി കേന്ദ്രം ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പമ്പ–അച്ചൻകോവിൽ–വൈപ്പാർ ലിങ്ക് പദ്ധതി കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>അയിരൂർ - കാഞ്ഞിറ്റുകര പദ്ധതി</u>

5534 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റാന്നി നിയോജകമണ്ഡലത്തിലെ അയിരൂർ - കാഞ്ഞിറ്റുകര പദ്ധതിയുടെ ആദ്യഘട്ടത്തിൽ എന്തു തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് ഏത് ഏജൻസിയിൽ നിന്നാണ് ഫണ്ട് ലഭ്യമാക്കുന്നത്; പദ്ധതിക്ക് ഭരണാനുമതി നൽകിയത് എന്നാണ്; ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയും; നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>എഴുമറ്റൂർ പദ്ധതിയുടെ ഒന്നാം ഘട്ടം</u>

5535 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റാന്നി നിയോജക മണ്ഡലത്തിലെ എഴുമറ്റൂർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എന്തു തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ആദ്യ ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പടുത്തിയിട്ടുള്ളത്; ഈ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; സ്ഥലം ലഭ്യമാക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്ത് എടുത്ത നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?